# നവ തരംഗം

ഇ - മാഗസിൻ




2018 - '19


# നവതരംഗം

## ഇ–മാഗസീൻ

## എസ്.ഡി.പി.വൈ.ജി.വി.എച്ച്.എസ്
## പള്ളുരുത്തി

## 2018–19





# <u>പത്രാധിപസമിതി</u>

**മുഖ്യ പത്രാധിപർ** **എം.ബി.ബീന**
**പ്രിൻസിപ്പാൾ**

**സഹപത്രാധിപർമാർ** **വി.വി.സിന്ധു**
**വി.വിജയ**
**വിജയശ്രീ**

**പത്രാധിപർമാർ( വിദ്യാർത്ഥികൾ)** **എയ്ഞ്ചൽ മേരി ജോസഫ്**
**റിന്യ റോസ് ടി.വി**

# നന്ദി

ശ്രീ. പ്രകാശൻ മാസ്റ്റർ
ജില്ല ഐ.ടി കോർഡിനേറ്റർ
ARTIST, എറണാകുളം

# ഉള്ളടക്കം


| ക്രമം | വിഷയം | താൾ |
|---|---|---|
| 1 | ആശംസ | 7 |
| 2 | എഡിറ്റോറിയൽ | 8 |
| 3 | ഐക്യത്തിനൊരു കുട | 9 |
| 4 | എവിടെപ്പോയി മറഞ്ഞു അവൾ | 11 |
| 5 | മാലിന്യ സംസ്കരണം | 12 |
| 6 | തെയ്യം | 13 |
| 7 | ബാഡ്മിന്റൻ വിസ്മയം | 14 |
| 8 | കാത്തിരിപ്പ് | 15 |
| 9 | ടൂറിസം കേന്ദ്രങ്ങ ൾ | 16 |
| 10 | സുഭാഷ് ചന്ദ്രബോസ് | 19 |
| 11 | പൊതുവിജ്ഞാനം | 20 |
| 12 | അമ്മയുടെ സ്നേഹം | 21 |
| 13 | മേരി കോം | 22 |
| 14 | സംഗീതവും പ്രകൃതിയും | 23 |
| 15 | ഭൂമി | 24 |

# ഉള്ളടക്കം


| | | |
|---|---|---|
| 16 | എന്റെ ഓണം | 25 |
| 17 | ആഗോള താപനം | 26 |
| 18 | ബയോ ഇൻഫർമാറ്റിക്സ് | 27 |
| 19 | ബാല്യകാലസഖി | 28 |
| 20 | പ്രളയകാലാനുഭവങ്ങൾ | 30 |
| 21 | രസതന്ത്രത്തിന്റെ മറുവശം | 32 |
| 22 | കേസരി എ ബാലകൃഷ്ണപിള്ള | 34 |
| 23 | പ്രളയം മുക്കിയകേരളം | 35 |
| 24 | ഞാൻ കണ്ട തേക്കടി | 37 |
| 25 | പ്രളയം എന്ന മഹാദുരിതം | 39 |
| 26 | സൂര്യന്റെ സ്വന്തം നാട്ടിലേക്ക് ട്രെയിൻ യാത്ര | 40 |
| 27 | യുനസ്കോ പൈതൃക കേന്ദ്രം | 45 |

# ആശംസ .....



**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ വിദ്യാലയത്തിൽനിർമ്മിച്ച ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകൾ നേരുന്നു.**

**പള്ളുരുത്തി**
**31/12/2018**

**എം.ബി.ബീന**
**പ്രിൻസിപ്പാൾ**



## എഡിറ്റോറിയൽ

വായനാശീലം അന്യമാവുന്നു എന്ന് പഴി കേൾക്കുമ്പോഴും യുവതലമുറയിൽ ഇ വായന അർത്ഥശങ്കക്കിടയില്ലാത്ത വിധം വികാസം പ്രാപിക്കുന്നു എന്ന കാര്യം ആശ്വാസം നൽകുന്നു.വായനയുടെ മാധ്യമം ഏതുമായിക്കൊള്ളട്ടെ ഉദ്ദേശശുദ്ധി ശുഭസൂചകമാണ്.സന്ദേശങ്ങളും അറിയിപ്പുകളും കൈമാറുന്നതിന് സോഷ്യൽമീഡിയയാണ് ഇന്നേറെ അവലംബിക്കപ്പെടുന്നത്. എഴുതിത്തുടങ്ങുന്നവരുടെ സാഹിത്യവും, കലയും ആദ്യം വെളിച്ചം കാണുന്നതിന് സോഷ്യൽ മീഡിയ മുഖ്യ പങ്ക് വഹിക്കുന്നു. അതിദ്രുതം വ്യാപനം ചെയ്യുന്നു എന്നതാണ് ഇ- പ്രസിദ്ധീകരണത്തിന്റെ മികവ്. വിവര സാങ്കേതിക വിദ്യയിലുണ്ടായ ഉണർവ് , സ്കൂൾ തലം മുതൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഐ.ടി. പരിശീലനം , പ്രത്യേകിച്ച് കേരളത്തിൽ അതൊരു കുതിച്ച് ചാട്ടം തന്നെയാണ്.

കടലാസ് രഹിത പ്രസിദ്ധീകരണത്തിലേക്ക് കാലം കടന്നിരിക്കുകയാണ്. കൈയെഴുത്ത് മാസികകൾ ഇനി ഇ- മാഗസിനുകളാണ്. വിവരസാങ്കേതിക വിദ്യ സ്കൂളിൽ സൃഷ്ടിച്ച മാറ്റം !

ഈ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് നമ്മുടെ വിദ്യാലയവും ഒരു ഇ- പ്രസിദ്ധീകരണം നിർമ്മിക്കുകയാണ്. നിർമ്മിതിയെപ്പറ്റി ലഭ്യമായ അറിവുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇ – പ്രസിദ്ധീകരണത്തിലേക്ക് കാലൂന്നുകയാണ്. "ശാസ്ത്രത്തിന്റെ കുതിച്ചു ചാട്ടം. നമുക്ക് ഒരു കൊച്ചു കാൽവെപ്പ്" .
ഇ – മാഗസിനിലുപയോഗിക്കുന്ന അത്യാധുനിക ടെക്നോളജി ഉപയോഗിക്കുന്നതിനുള്ള പ്രാവീണ്യമില്ലെങ്കിലും ഒരു എളിയ പരിശ്രമം .ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഈ 'നവതരംഗം' എളിമയോടെ സമർപ്പിക്കുന്നു.അനുഗ്രഹിക്കുക.

ആശംസകളോടെ
എഡിറ്റർ

# കവിത

# ഐക്യത്തിനൊരു കുട



അശ്വിനി കെ.ജെ
9 C



ദുരിതമഴ പെയ്യുന്നു കേരളത്തിണ്ണയിൽ

ദുരിതമൊരു കാറ്റായി ആഞ്ഞടിച്ചീടവേ

എവിടെയോ രോദനം അലയടിച്ചീടുന്നു

പൊലിയുന്നു ജീവനും സ്വപ്നങ്ങളും

തകരുന്നു വികസനം മണ്ണോടു ചേരുന്ന

മുങ്ങുന്നു കേരളം നാശത്തിലേക്ക് ഇതാ

കൈതരൂ മാനുഷാ ഒന്നിച്ചു നേരിടാം
ഒരുകുട പോലെ താങ്ങായി, തണലായി നിന്നിടാം
ദുരിതം പഠിപ്പിച്ചോരക്ഷരമാല
കളോരോന്നു ച്ചേർത്തോരു

വഞ്ചിയുണ്ടാക്കിടാം

# അഭിനന്ദനങ്ങൾ

സംസ്ഥാന പ്രവൃത്തി പരിചയ മേള
A ഗ്രേഡ്



**നേഹ ഫർഹത്ത്**

## <u>രാജ്യ പുരസ്ക്കാർ</u>




**ഗൗരി പി.എ**



**അംബിക**

കഥ

# എവിടെപ്പോയി മറഞ്ഞു അവൾ



**നെഫിയ ഫാത്തിമ**

ഒരിക്കൽ ഒരു ദരിദ്ര കുടുംബത്തിൽ ഒരു പെൺകുട്ടി ജീവിച്ചിരുന്നു. അവൾ വളരെ കഠിനാധ്വാനിയും, ദയാലുവും ആയിരുന്നു. അവളെ അവളുടെ അച്ഛനമ്മമാർ മീനു എന്ന് വിളിക്കും. അവൾ പഠനത്തിൽ വളരെ സമർത്ഥയുമായിരുന്നു. അവൾ ആറാം ക്ലാസിലാണ് പഠിക്കുന്നത്. തന്റെ മാതാപിതാക്കൾ അവിടുത്തെ പ്രമാണികളുടെ ഗൃഹങ്ങളിൽ വേല എടുത്താണ് ജീവിച്ചിരുന്നത്. അച്ഛന് അവിടത്തെ കൃഷിയിടത്തിലാണ് വേല. പള്ളിക്കൂടം വിട്ടു കഴിഞ്ഞാൽ അവൾ ഓടി അമ്മയുടെ അടുക്കൽ വരും. എനിക്ക് തന്റെ പ്രിയപ്പെട്ട അനുജനും ഒത്ത് അവൾ കളിക്കും. അവളുടെ അനുജന്റെ പേര് മനു എന്നായിരുന്നു. അവന് ചാമ്പയ്ക്ക ഒത്തിരി ഇഷ്ടമായിരുന്നു. അതുകൊണ്ട് മീനു പള്ളിക്കൂടം വിട്ട് വരുമ്പോൾ അതുകൊണ്ട് വരും. അങ്ങനെ അവരുടെ കുടുംബം ഇണങ്ങിയും പിണങ്ങിയും പോയി. കാലം അവരെ രണ്ടുപേരെയുംതലോടി പോയി. മനു ഒന്നാം ക്ലാസ്സിൽ എത്തി. പുതിയ കുടയും, ബുക്കും, ബാഗും, എല്ലാമായി അവൻ സ്കൂളിലെത്തി. മീനു ഏഴാം ക്ലാസിലെത്തി. അവർ രണ്ടുപേരും സ്കൂളിൽ പോകും വരും. പക്ഷേ ! ഒരു ദിവസം അത് സംഭവിച്ചു. ആ ദുർവിധി. മീനു സ്കൂൾവിട്ട് വരികയായിരുന്നു. മനുവിന് അന്ന് പനിയായിരുന്നു. അവൾ മനുവിന് ചാമ്പയ്ക്ക പറിക്കുവാൻ പോയി. അന്നുമുതൽ അവളെ കണ്ടിട്ടില്ല. എന്തുപറ്റിയെന്ന് ആർക്കും അറിയുകയുമില്ല. അവൾ മരണപ്പെട്ടുവെന്ന് വാർത്ത അവളുടെ അമ്മയുടെ കാതുകളിൽ എത്തി. ആ കണ്ണുകൾ പൊഴിയാൻ തുടങ്ങി. അവൾ ഓടി ഓടിച്ചെന്നപ്പോൾ കാണുന്നത് തൻറെ മകൾ ആരുടെയൊക്കെയോ കരങ്ങൾകൊണ്ട് ചിന്നം പിന്നം ആയിരിക്കുന്നു. അവൾ കൊല്ലപ്പെട്ടിരിക്കുന്നു. മീനുവിനെ സ്കൂൾ യൂണിഫോം ചോരയിൽ പൊതിഞ്ഞു കിടക്കുന്നതുകണ്ട മനു തേങ്ങാൻ തുടങ്ങി. അവിടെ നാട്ടുകാർ തടിച്ചുകൂടി. പൊലീസുകാർ വന്നു. ചാമ്പക്ക ഉണങ്ങി കിടക്കുന്നു. അവളെ അമ്മ കോരിയെടുത്തു. തൻറെ പിഞ്ചുമക്കളെ പീഡിപ്പിച്ചത് ആരാണ എന്ന ദേഷ്യത്തിൽ അവർ കരഞ്ഞു. അവളെ സംസ്കരിച്ചു. അന്നുമുതൽ എല്ലാം ശൂന്യമായിരുന്നു. പോലീസുകാർ അന്വേഷിച്ചെങ്കിലും നീതിക്ക് വിജയം ലഭിച്ചില്ല. വളരെ സങ്കടവും വിഷാദവും ആയ ആ കുടുംബം ശ്മശാനം ആയിമാറി.

# മാലിന്യ സംസ്ക്കരണം

വീടുകളിൽ ഉണ്ടാവുന്ന ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കുക എന്നത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണ്.മാലിന്യം വളമായും പാചകവാതകമായും മാറ്റുന്ന ചെലവുകുറഞ്ഞ മാർഗ്ഗങ്ങളെക്കുറിച്ച് **ഡോ. ആർ.ഗിരിജ** (പ്രൊഫസർ & ഹെഡ് ഡിപ്പാർട്ട്മെന്റ് അഗ്രിക്കൾച്ചർ മൈക്രോബയോളജി, കേരള യൂണിവേഴ്സിറ്റി. ) തയ്യാറാക്കിയ ലേഖനം . വായിക്കുന്നതിന് ഇവിടെ ക്ലിക്ക് ചെയ്യുക. CLICK HERE .

# തെയ്യം



മധ്യകേരളത്തിലെ പടയണി പോലെ ഉത്തരകേരളത്തിൽ കെട്ടിയാടുന്ന ഒരു നാടൻ അനുഷ്ഠാനകലയാണ് തെയ്യം. കാവുകളിലെയും മറ്റും ഉത്സവങ്ങളോട് അനുബന്ധിച്ചാണ് അരങ്ങേറുക.

പുരാതന കേരളത്തിൽ നിലവിലിരുന്ന കാളിയാട്ടം എന്ന കലാ രൂപത്തിൽ നിന്നാണ് ഉണ്ടായത്.ഈ പരിഷ്കരണത്തിന് മുൻകൈ എടുത്തത് കോലത്ത് നാട്ടിലെ രാജാവ് കോലത്തിരി ആണ്. അദ്ദേഹം കോലത്ത് നാട്ടിൽ ആവിഷ്കരിച്ച തെയ്യം അയൽ രാജ്യമായ കോഴിക്കോട്ടും പരിസരങ്ങളിലും തിറയായി രൂപാന്തരപ്പെട്ടു.

തെയ്യവും തിറയും ദേവി ദേവന്മാരുടെ പ്രീതിക്ക് വേണ്ടിയാണ് കെട്ടിയാടുന്നത്.തിറയിൽ ദേവതകളുടെ സ്ഥാനം , ഉറയുന്ന കോമരങ്ങൾക്കാണ്.തിറയിലെ സ്ത്രീ പുരുഷ വേഷങ്ങൾ ശിവശക്തി സങ്കൽപ്പത്തിലുള്ളവയാണ്.

പാള , കുരുത്തോല, വാഴപ്പോള തുടങ്ങിയവ കൊണ്ടാണ് തെയ്യത്തിന്റെയും , തിറയുടെയും ചമയങ്ങൾ നിർമ്മിക്കുക. ചെണ്ടയുടെ അകമ്പടിയോടുകൂടി ഇലത്താളം , കുറുങ്കുഴൽ, കൊമ്പ് , തുടി എന്നീ വാദ്യമേളങ്ങളാണ് ഉപയോഗിക്കുന്നത്.

# പുസർല വെങ്കട്സിന്ധു



ഒരു ഇന്ത്യൻ ബാഡ്മിൻഡൺകളിക്കാരി ആണ്. സൈന നെഹ്‌വാളിനു ശേഷം ലോക റാങ്കിംഗിൽ മുന്നിട്ട് നിൽക്കുന്ന ഇന്ത്യൻ കളിക്കാരി ആണ് സിന്ധു. 2012 മെയ് 2 ന് സിന്ധു കരിയറിലെ ഏറ്റവും മികച്ച റാങ്കിംങ്ങായ 13 ൽ എത്തി.. 2016 ആഗസ്റ്റ് 18 ന്റിയോ ഒളിമ്പിക്സ് 2016 സെമിഫൈനലിൽ ജപ്പാന്റെ നൊസോമി ഒകുഹാരയെ പരാജയപ്പെടുത്തി ഒളിമ്പിക്സ് ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ ബാഡ്മിന്റൺ താരമായി സിന്ധു മാറി. പ്രശസ്ത ബാഡ്മിന്റൺ താരമായിരുന്ന പുലേല ഗോപിചന്ദ് ആണ് സിന്ധുവിന്റെ പരിശീലകൻ.


2013 മേയ് 4 ന് സിന്ധു മലേഷ്യ ഗ്രാന്റ് പ്രി ഗോൾഡ് കരസ്ഥമാക്കി. കലാശക്കളിയിൽസിംഗപ്പൂരിന്റെ ജുവാൻ ഗുവിനേ 21-17, 17-21, 21-19 എന്ന സ്കോറിനാണ്സിന്ധു പരാജയപ്പെടുത്തിയത്. 2013 ൽ തന്നെ ലോകബാഡ്മിന്റൺചാമ്പ്യൻഷിപ്പിൽ സിംഗിൾസ് വെങ്കലം നേടുന്ന ആദ്യ ഇന്ത്യൻവനിതയായിക്കൊണ്ട് പി.വി. സിന്ധു തന്റെ കരിയറിലെ എറ്റവും മികച്ച നേട്ടംകുറിച്ചു.

സിന്ധുവിന്റെ മറ്റ് പ്രധാന നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു

- 2016 ഒളിമ്പിക്സ് ഫൈനലിലെത്തുന്ന ഏക ഇന്ത്യൻ താരം.
- 2013 ഇന്ത്യൻ സീപ്പർ സീരിസിൽരണ്ടാം സ്ഥാനം.
- 2012 ൽ നിലവിലെ ഒളിമ്പിക്സ് ജേതാവായ ലി ചുറിയെ തോല്പിച്ചു.
- 2013 ൽ നിലവിലെ ഏഷ്യൻ ഗെയിംസ് ജേതാവിനെ തോല്പിച്ചു.
- 2013 മലേഷ്യൻ ഓപ്പൺ കിരീടം നേടി.
- ലോകബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സിംഗിൾസ് വെങ്കലം നേടുന്ന ആദ്യ ഇന്ത്യൻ വനിതയാണ് പി.വി. സിന്ധു.
- 2013 നവംബർ 30 നു മകാവു ഓപ്പൺ ഗ്രാൻപ്രീ ഗോൾഡ് ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൽ കിരീടം നേടി.
- 2016 ലെ രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം

കവിത

# കാത്തിരിപ്പ്



ശിവ ലക്ഷ്മി
10 B



പൊൻപ്രഭ ചൊരിയും സായാഹ്ന ത്തേക്കാൾ
എനിക്കിഷ്ടം നിലാവൊളിവിതറും സന്ധ്യയെയാണ്.....
ചീവീടുകളുടെ കൂട്ട് മുരൾച്ച, പാതി മയങ്ങിയ
കണ്ണുകളാലേ പുഞ്ചിരി തൂകുന്ന വൃക്ഷലതാദികൾ
നറുമണം പരത്തിക്കൊണ്ട് ഉല്ലാസഭരിതമായ
നിൽക്കും മുല്ലവള്ളികൾ, ഇലതൻ മർ മരത്തിൽ
താളം ഇട്ടിരുന്ന പക്ഷികൾ ഇണചേർന്ന
കൂട്ടിൽ പറന്നു ചേർന്നു.......
പകലന്തിയോളം പ്രയത്നിച്ചതിനൊരാരാമ -
മിട്ടു കൊണ്ട് പാതിമയക്കത്തിലാണ്ടുക്കൊണ്ടി -
രിക്കുന്ന മനസ്സുകൾ...
ഇന്നത്തെ ദുഃഖങ്ങൾക്ക് ഒരു വിലങ്ങിട്ട്
നാളെയുടെ പ്രഭാതത്തെ കണികണ്ടുണരാൻനായ്
മരച്ചില്ലകളിൽ പ്രതീക്ഷയോടെ കാത്തുനിൽക്കുന്ന
പറവകൾ........
ഇങ്ങനെയെല്ലാം ഉള്ള പ്രകൃതിയുടെ നാളെയിലേക്കുള്ള
കാത്തിരിപ്പാണ് എനിക്കേറെ ഇഷ്ടം.
*****************

# പാലക്കാട് ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ

## സൈലന്റ് വാലി



മണ്ണാർക്കാടിനടുത്ത് സ്ഥിതി ചെയ്യുന്ന സൈലന്റ് വാലിയാണ് കേരളത്തിലെ ഏറ്റവും വലിയ മഴക്കാട്."നിശ്ശബ്ദ താഴ്വര" എന്നാണ് സൈലന്റ് വാലിയിടെ അർത്ഥം.അട്ടപ്പാടിയുടെ അടിവാരത്ത് ഭവാനിപ്പുഴയുടേയും കുന്തിപ്പുഴയുടേയും ജലസമൃദ്ധി സമ്പന്നമാക്കിയ ഈ പ്രദേശത്ത് പല അപൂർവ സസ്യങ്ങളും,സിംഹവാലൻ കുരങ്ങുകളും,മലമുഴക്കിവേഴാമ്പലുകളും,അപൂർവഇനം ചിത്രശലഭങ്ങൾ എന്നിവയേയും കാണാം.




## നെല്ലിയാമ്പതി

"പാവങ്ങളുടെ ഊട്ടി" എന്നാണ് നെല്ലിയാമ്പതിയെ അറിയുന്നത്.മനോഹരമായ കാഴ്ച്ചകൾ കാണാവുന്ന ധാരാളം വ്യൂ

പോയന്റുകൾ ഇവിടെയുണ്ട്.തേയില,കാപ്പി,ഏലം,ഓറഞ്ച് തോട്ടങ്ങളും ഫാമുകളും ജൈവകൃഷിതോട്ടങ്ങളും ഇവിടെ കാണാവുന്നതാണ്.രാമായണ കഥയുമായി ബന്ധപ്പെട്ട സീതാർ കുണ്ടിൽ 100 മീറ്റർ ഉയരമുള്ള വെള്ളചാട്ടവുമുണ്ട്.

## ധോണി



വെള്ളചാട്ടത്തിന് പ്രസിദ്ധമായ സ്ഥലമാണ് ധോണി. ടെക്കിങ്ങിന് ഏറെ പ്രസിദ്ധമായ സ്ഥലമാണിത്.പശുക്കളുടെ ഫാമും ധോണിയിലുണ്ട്.




ഹനുമാന്റെ മൃതസഞ്ജീവനിയും പേറിയുള്ള യാത്രക്കിടയിൽ അടർന്നുവീണ മല എന്നൊരു ഐതീഹ്യം ഈ മലയുമായി ബന്ധപ്പെട്ടുണ്ട്.മഴക്കാലമാകുമ്പോൾ ധാരാളം വെള്ളചാട്ടങ്ങൾ ഇവിടെ കാണാം.

*******************

# സുഭാഷ് ചന്ദ്രബോസ്



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഒരു പ്രധാന നേതാവായിരുന്നു നേതാജി എന്ന് വിളിക്കപ്പെട്ടിരുന്ന സുഭാഷ് ചന്ദ്രബോസ്. 1897 ജനുവരി 23 ന് ഒറീസയിലെ കട്ടക്ക് എന്ന സ്ഥലത്താണ് നേതാജി ജനിച്ചത്. കട്ടക്ക് അന്ന് ബംഗാളിന്റെ ഒരു ഭാഗമായിരുന്നു. അതിനാലദ്ദേഹം ബംഗാളി എന്നാണറിയപ്പെട്ടിരുന്നത് . അച്ഛൻ ജാനകീനാഥബോസ്, ഒരു പ്രശസ്ത വക്കീലായിരുന്നു , അമ്മ പ്രഭാവതി. ഇന്ത്യൻ സർവീസ് പ്രവേശനപരീക്ഷയിൽ ഉയർന്ന മാർക്കോടെ വിജയിച്ച ബോസ് സ്വാതന്ത്ര്യസമരത്തിൽ പ്രവർത്തിക്കാൻ വേണ്ടി സിവിൽ സർവീസ് ഉപേക്ഷിച്ചു. പിന്നീട് അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു. തുടർച്ചയായി രണ്ടുതവണ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൻറെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.ഗാന്ധിജിയുടെ സമരരീതികൾ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തരാൻ പോന്നതല്ല എന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. ഇന്ത്യ യ്ക്കായുള്ള പോരാട്ടത്തിനായി ബ്രിട്ടീഷിനെ തകർക്കാനായും അദ്ദേഹം ഇന്ത്യൻ നാഷണൽ ആർമി സ്ഥാപിക്കുകയും നയിക്കുകയും ചെയ്തു.

..........................................

# പൊതുവിജ്ഞാനം

നന്ദന കെ.എസ്

1 ജീവശാസ്ത്രത്തിലെ പിതാവ്

അരിസ്റ്റോട്ടിൽ

2 സസ്യ ശാസ്ത്രത്തിൻറെ പിതാവ്

തിയോഫ്രാസ്റ്റസ്

3 ആപ്പിളിൽ കാണുന്ന ആസിഡ്

മാലിക് അമ്ലം

4 കഞ്ചാവിന് ശാസ്ത്രീയനാമം

കനാവിസ്സെറ്റെവ

5 പൈൻ മരത്തിൽനിന്നും ലഭിക്കുന്ന ഒരു തൈലം

ടർപ്പൻടൈൻ

6 കൂണുകളിൽ അടങ്ങിയിരിക്കുന്ന ആസിഡ്

അമിനോ ആസിഡ്

7 ചുവന്ന ഉള്ളി മുറിക്കുമ്പോൾ എരിച്ചിൽ ഉണ്ടാവാനുള്ള കാരണം

ഫോസ്ഫറസ്

8 ചേന മുറിച്ചാൽ ചൊറിച്ചിൽ ഉണ്ടാകുന്നതിനുള്ള കാരണം

കാൽസ്യം ഓക്സിലേറ്റ്

9 ഓപിയം പൂവ് ഏത് ചെടിയുടെ ഏതാണ്

പോപ്പി ചെടി

10 ബയോളജി എന്ന പദം ഏതെല്ലാം ഗ്രീക്ക് പദം ചേർന്നതാണ്

ബയോസ്, ലോഗോസ്

.....................................

കവിത

# അമ്മയുടെ സ്നേഹം



## ദേവിക സി.എം

അമ്മയാണമ്മയാണമ്മ എന്നും തുണയായി നിൽക്കുമെന്നമ്മ
ഒരുപാട് ത്യാഗങ്ങൾ ചെയ്തു തീർത്തമ്മ
വീടിൻറെ വെട്ടമാണമ്മ
എന്നും വീടിൻറെ വെട്ടമാണമ്മ

വാൽസല്യ രാരീരാം ശിരസ്സിൽ പകരുന്ന
കൺകണ്ട ദൈവമാണമ്മ
എന്നും കൺകണ്ട ദൈവമാണമ്മ
ചൂടേറ്റു വാടുമ്പോൾ നെഞ്ചോട് ചേർത്ത്
തണലാകും എന്നമ്മ
എന്നും തുണയായി നിൽക്കുമെന്നമ്മ



നിറയുന്ന സ്നേഹം തരുന്ന
എന്നും വിലയുള്ളതാണ് എന്റെ അമ്മ (2)
എന്നും നേർവഴി കാട്ടുന്ന അമ്മയ്ക്ക് പകരമായി
വേറൊന്നുമില്ല
എന്നുമെൻ അമ്മയാണെന്ന സത്യം
എന്ന ദൈവമാണെന്നത് സത്യം

[കവിത കേൾക്കുന്നതിന് ഇവിടെ CLICK ചെയ്യുക]

# മേരി കോം



ഇന്ത്യ മണിപ്പൂരിലെ നിന്നുമുള്ള ബോക്സിങ് കായികതാരമാണ് **മേരി കോം** .. അഞ്ചു തവണ ലോക ബോക്സിങ് ജേതാവ് ആയിട്ടുള്ള മേരി കോം ഒളിമ്പക്സിൽ വനിതാവിഭാഗം ബോക്സിങ് ആദ്യമായി 2012 ൽ ഉൾപ്പെടുത്തിയപ്പോൾ ഇന്ത്യയെ പ്രതിനിധീകരിച്ചു. 51 കിലോഗ്രാം വിഭാഗം ഫ്ലൈവെയ്റ്റിൽ വെങ്കല മെഡൽ നേടുകയും ചെയ്തു. ഇപ്പോൾ പോലീസ് സേനയിൽ സേവനം ചെയ്യുന്നുണ്ട്. 1983 മാർച്ച് 1 ന് മണിപ്പൂരിലെ ചുർച്ചൻപൂർ ജില്ലയിലാണ് ജനനം. ബാല്യത്തിലേ അത്‌ലറ്റിക്സിൽ താത്പര്യമുണ്ടായിരുന്ന കോം 2000 ൽ ബോക്സിങ്ങിലേയ്ക്ക് തിരിയുന്നത് പ്രശസ്ത മണിപ്പൂരി ബോക്സറായ ഡിക് വിജയങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ്ബോക്സിംഗ് അക്കാഡമി

ഇംഫാലിന് പുറത്തുള്ള ലാംഗോലിലെ ഗെയിംസ് വില്ലേജിലാണ് ബോക്സിംഗ് അക്കാദമി 2006-ൽ സ്ഥാപിച്ചത്. മേരി കോമിന്റെ ഭർത്താവ് ഓങ്കോലർ കോമാണ് അക്കാഡമിയുടെ ദൈനം ദിന കാര്യങ്ങൾ നടത്തുന്നത്.2012 ഒളിമ്പിക്സിൽ ക്വാർട്ടറിൽ കടന്നു.. 51 കിലോഗ്രാം വിഭാഗം ഫ്ലൈവെയ്റ്റിൽ പോളണ്ടിന്റെ കരോലിന മിക്കാൽചുക്കിനെയാണ് മേരി തോൽപിച്ച് ക്വാർട്ടറിൽ കടന്നത്. കൂടിയ ഭാരവിഭാഗത്തിൽ ആദ്യമായി മത്സരിക്കേണ്ടിവന്നിട്ടും ആധികാരിക വിജയത്തോടെത്തന്നെയാണ് മേരി ജയിച്ചത്.സെമിയിൽ തോറ്റെങ്കിലും വെങ്കല മെഡൽ നേടി. ലണ്ടനിൽ ഇന്ത്യയ്ക്ക് നാലാമത്തെ മെഡലാണ് മേരി സമ്മാനിച്ചത്. മൂന്നാമത്തെ വെങ്കലവും.

***

# സംഗീതവും പ്രകൃതിയും



ജിസ്ന പി.എം

പ്രകൃതിയിലെ ഇമ്പമാർന്നതും കൗതുകമുണർത്തുന്നതുമായ ശബ്ദങ്ങൾ കേട്ടും ആസ്വദിച്ചും അനുകരിച്ചുമാണ് മനുഷ്യനിൽ അന്തർലീനമായി കിടന്നിരുന്ന സംഗീതബോധവും സംഗീതശബ്ദങ്ങളും ഉരുത്തിരിഞ്ഞുവന്നത്.അവ പിന്നീട് ഈണത്തിലും താളത്തിലുമുള്ള ശബ്ദങ്ങളായും ഭാഷയുടെ ആവിർഭാവത്തോടെ സാർഥകമായ വാക്കുകളായും വാക്കുകൾ ചേർന്ന് ഗാനങ്ങളായും പരിണമിക്കുകയാണുണ്ടായത്.

ഏതുവിധ സംഗീതത്തിന്റെയും ഉറവിടം പ്രകൃതിതന്നെ.പലതരം പക്ഷികളുടേയും മൃഗങ്ങളുടേയും ശബ്ദങ്ങൾ,ആഞ്ഞടിക്കുന്ന തിരമാലക്കളുടെ ശബ്ദം,ഇലക്കളുടെ മർമ്മരം,മുളങ്കാടുകളുടെ ചൂളം വിളി,മഴത്തുള്ളികളുടെ മണിക്കിലുക്കം,കാട്ടാറുകളുടെ കളകളാരവം ഇവയെല്ലാം മനുഷ്യനിൽ ജന്മനാ അലിഞ്ഞുചേർന്നിട്ടുള്ള താളബോധം,സംഗീതബോധം,ആസ്വാദനശേഷി എന്നിവയേ ഉണർത്തുകയും കാലക്രമത്തിൽ ഇവയെല്ലാം വളർന്ന് വികസിച്ച്നവിഭിന്നവും വിശാലവുമായ ഒരു സംഗീതസാമ്രാജ്യം രൂപപെടുകയുമാണുണ്ടായത്.

പ്രകൃതിയിൽ നിന്നു നേരിട്ട് സ്വീകരിച്ചതും നിരവധി നാളത്തെ പരീക്ഷണനിരീക്ഷണ ഗവേഷണങ്ങളിലൂടെ സംസ്കരിച്ചെടുത്തതുമായ അനവധി സംഗീതോപകരണങ്ങൾ നമുക്കുണ്ട്.വ്യത്യസ്ത സംഗീത സമ്പ്രദായങ്ങൾ,ആലാപന രീതികൾ,എന്നിവ സൃഷ്ടിക്കുന്ന രാഗ,താളമേളങ്ങളാൽ എത്രയോ
മനോഹര ഭൂമി. സമൃദ്ധവും അനുഗ്രഹീതവുമാണ് നമ്മുടെ ഈ മനോഹര ഭൂമി.


# ഭൂമി

സൗരയൂഥത്തിൽ ജലമുള്ള ഒരേയൊരു ഗ്രഹമാണ് ഭൂമി ഭൂപ്രതലത്തിൽ മൂന്നിൽ രണ്ടു ഭാഗവും ജലത്താൽ ആവരണം ചെയ്യപ്പെട്ട കിടക്കുന്നതുകൊണ്ട് ഭൂമിയെ നീല ഗോളം ആയാണ് ബഹിരാകാശത്തു നിന്നു നോക്കുമ്പോൾ കാണുന്നത് ഭൂമിക്ക് നീലഗ്രഹം ജല, ഗ്രഹം എന്നിങ്ങനെയും പേരുകളുണ്ട് ഭൂമി.



കവിത


# എന്റെ ഓണം



ജൂഡിറ്റ് അലാന



തുമ്പയൊന്നു വിരിഞ്ഞു
തുമ്പിയൊന്നു പറന്നു
നിറമേനും വാനിൽ ചാർത്തിയ
മഴവില്ല് വിരിഞ്ഞു......
വസന്തത്തിൽ തേനിൽ ഏറെ
പഞ്ചവർണ്ണ കിളി പാടി
പൊന്നോണത്തുമ്പിലിരുന്നൊരു
ഊഞ്ഞാലാടി....
പഞ്ചവർണ്ണ കിളി പാടി..
ഓ....... ഓ......
തുമ്പ ഒന്നു വിരിഞ്ഞു
തുമ്പി ഒന്നു പറന്നു
നിറമേനും വാനിൽ ചാർത്തിയ
മഴവില്ല് വിരിഞ്ഞു... വസന്തത്തിൽ..
തേനിൽ ഏറെ പഞ്ചവർണ്ണ കിളി പാടി....
പൊന്നോണത്തുമ്പി ഇരുന്ന്
ഊഞ്ഞാലാടി.....
പഞ്ചവർണക്കിളി പാടി......



# ആഗോളതാപനം

ഫാത്തിമ നൗറിൻ



ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന വലിയൊരു വിപത്താണ് ആഗോളതാപനം. ഹരിതഗൃഹ വാതകങ്ങളുടെ ആധിക്യംമൂലം ഭൗമോപരിതലത്തിന്റെയും അന്തരീക്ഷത്തിന്റെയും താപനില ഡി വർധിക്കുന്ന പ്രതിഭാസമാണ് ആഗോളതാപനം. മാനുഷികപ്രവർത്തനങ്ങൾ കൊണ്ടും മറ്റ് കാവ്യയുടെ പ്രകൃത്യാലുള്ള കാരണങ്ങൾ കൊണ്ടും ഹരിതഗൃഹവാതകങ്ങൾ ആയ കാർബൺ ഡയോക്സൈഡ്, മീതൈൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർധിക്കുന്നു. സൂര്യനിൽനിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിനെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു. മാനുഷികപ്രവർത്തനങ്ങൾ മൂലം 1750 മുതൽ അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. വിവരങ്ങളുടെ ഫോസിൽ ഇന്ധനങ്ങളുടെഉപയോഗമാണ് കാർബൺഡയോക്സൈഡിന്റെ വർധനയ്ക്ക് കാരണമായതെങ്കിൽ കൃഷിയോട് അനുബന്ധിച്ചുള്ള അർത്ഥങ്ങളാണ് മിഥേൻ,നൈട്രസ് ഓക്സൈഡ് എന്നിവയുടെ വർധനവിന് കാരണം. കൃഷിസ്ഥലങ്ങളിൽ നിന്നും കന്നുകാലികളിൽ നിന്നും methane ഉല്പാദിപ്പിക്കുന്നുണ്ട്.മഴ, കാറ്റ്, സമുദ്രത്തിലെ ലവണാംശം എന്നിങ്ങനെ കാലാവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ ആഗോളതാപനം മൂലം വ്യാപകമായി കാണുന്നു. കൂടാതെ ഹീറ്റ് വേവ്സ്, വെള്ളപ്പൊക്കം, ട്രോപ്പിക്കൽ ചക്രവാതകങ്ങളുടെ തീവ്രത,എന്നിവയാണ് ഇതിന്റെ ഫലങ്ങൾ.

... ... ...

# ബയോ ഇൻഫർമാറ്റിക്സ് – ലൈല ബീഗം

ജീവശാസ്ത്രത്തിലെ പുതിയ പഠനശാഖയാണ് ബയോ ഇൻഫർമാറ്റിക്സ് അഥവാ ജൈവ വിവര സാങ്കേതിക പഠനം.ജീവശാസ്ത്രത്തോട് കംപ്യൂട്ടർ സയൻസും വിവരസാങ്കേതിക വിദ്യയും കൂടി ച്ചേരുന്നതാണ് ബയോ ഇൻഫർമാറ്റിക്സ് എന്ന് പറയാം.1980–ലാണ്ബയോ ഇൻഫർമാറ്റിക്സ് ഒരു ജീവ ശാസ്ത്ര ശാഖയായി വികസിക്കിന്നത്.എൺപതുകളുടെ തുടക്കത്തിൽ അമേരിക്കയിലെ ഊർജ്ജവകുപ്പ് ഒരു ഡാറ്റ ബാങ്കഉണ്ടാക്കി.വിവിധ ജീവികളുടെ ഡി.എൻ.എ അനുക്രമവിവരങ്ങളാണ് ഈ ബാങ്കിൽ സമാഹരിച്ചിരുന്നത്.മുഖ്യമായും ഈ വിവരങ്ങൾ വിശകലനം ചെയ്യുന്നതിന്റെ ഭാഗമായാണ് ബയോ ഇൻഫർമാറ്റിക്സ് വികസിച്ചത്.



ആസ്വാദനക്കുറിപ്പ്

# ബാല്യകാലസഖി

നന്ദന K.S
9 B

വൈക്കം മുഹമ്മദ് ബഷീറിൻറെ വിശ്വപ്രസിദ്ധമായ നോവലുകളിലൊന്നാണ് ബാല്യകാലസഖി എന്ന നോവൽ. ലളിതഭാഷയിൽ മലയാളി മനസ്സുകളെ കീഴടക്കിയ പ്രാദേശിക കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. മറ്റു കഥാകൃത്തുക്കളെയും പോലെ ഒട്ടേറെ നോവലുകളുടെയും കഥകളുടെയും ജനകൻ ആണ് വൈക്കം മുഹമ്മദ് ബഷീർ. സ്വന്തം ജീവിതാനുഭവങ്ങളാണ് അദ്ദേഹത്തിനെ പല കൃതികളുടെയും പ്രധാന ആശയം, അതുപോലെ ബഷീറിൻറെ ബന്ധുക്കളും ചുറ്റുപാടുള്ള വരും ആണ് അതിനെ പല കൃതികളുടെയും കേന്ദ്രകഥാപാത്രം.

നോവലിൻറെ പേരുപോലെതന്നെ കുട്ടിയും അവന്റെ ബാല്യകാലസഖിയും കുറിച്ചാണ് കഥ. നിസ്വാർത്ഥ പ്രണയവും ആ ജീവിതങ്ങളുടെ സങ്കീർണതയുമാണ് കഥയുടെ ഇതിവൃത്തം. രണ്ട് അയൽക്കാർ തമ്മിൽ ഉണ്ടായ ബാല്യത്തിലെ സൗഹൃദം അവർ വളരുംതോറും പ്രണയമായി മാറുകയും, അത് ദുഃഖത്തിൽ കലാശിക്കുകയും നോവലിന്റെ പ്രധാന ആശയം. ബാല്യകാലസഖി ഒരു സന്തോഷ സന്താപ സമിശ്ര നോവലാണ്.

മജീദ്, സുഹ്റ ഇന്നീ പ്രണയജോഡികളുടെ ബാല്യം, കൗമാരം മുതൽ ജീവിതാവസാനം വരെയുള്ള അനുഭവങ്ങളാണ് കഥയിലുടനീളം പറയുന്നത്. ബാല്യത്തിൽ പരസ്പരം കൊഞ്ഞനം കുത്തുകയും കോക്രി കാണിച്ചും കളിയാക്കി കൊണ്ടിരുന്ന സുഹ്റയെയും മജീദിനെയും നല്ല ചങ്ങാതികൾ ആക്കിയത് സുഹ്റയുടെ വീട്ടുമുറ്റത്തുള്ള ഒരു മാവും അതിലെ മാങ്ങകളും ആണ്. സുഹ്റ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു at അടയ്ക്കാകാരൻറെ മകളാണ്. സാമ്പത്തികമായി വളരെ മുന്നിൽ നിൽക്കുന്ന ഒരു തടി കച്ചവടക്കാരന്റെ മകനാണ് മജീദ്. ബാല്യത്തിൽത്തന്നെ തന്നെ തന്റെ സമ്പന്നതയിൽ വളരെ അഭിമാനം ഉള്ളവനും തന്റെ ആണത്വത്തിനും അഭിമാനത്തിനും മാനഭംഗം വരാതിരിക്കാൻ ശ്രമിക്കുന്നവനാണ് മജീദ്. സുഹ്റ പഠനത്തിൽ മിടുക്കിയും, മജീദ് പഠനത്തിൽ ഉഴപ്പനും ആയിരുന്നു. ഏഴാം ക്ലാസിനു ശേഷം തുടർപഠനത്തിനായി മജീദ് പട്ടണത്തിൽ പോയി. സുഹ്റയ്ക്കും തുടർന്ന് പഠിക്കാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അവളുടെ ബാപ്പയുടെ മരണത്തോടെ അവളുടെ ഭാവി പഠന പ്രതീക്ഷകൾ നഷ്ടപ്പെട്ടു. മജീദ് സുഹ്റയുടെ പഠനത്തിനായി തൻറെ ബാപ്പയോട്പണം

ചിലവഴിക്കുമോ എന്ന് ചോദിച്ചെങ്കിലും അദ്ദേഹം അത് നിരസിച്ചു. മജീദിന് സ്വന്തം ബാപ്പയെ ഇഷ്ടമല്ല, മജീദിനെ ബാപ്പയേക്കാൾ മജീദിന് സ്നേഹിക്കാൻ കഴിഞ്ഞത് സുഹ്റയുടെ ബാപ്പയെ ആണ്. ഒരിക്കൽ മജീദ് തൻറെ ബാപ്പ പറഞ്ഞത് അനുസരിക്കാതിരുന്നതിനാൽ അദ്ദേഹം അവനെ ഒരുപാട് ഉപദ്രവിക്കുകയും വീട്ടിൽനിന്ന് ആട്ടി ഇറക്കുകയും ചെയ്തു. ആ യുവപ്രായത്തിൽ അവൻ ആരോടും പറയാതെ ,എങ്ങോട്ടെന്നില്ലാതെ വീട്ടിൽനിന്നിറങ്ങി. പലയിടത്തും സഞ്ചരിച്ച് പലതൊഴിലും ചെയ്തു അങ്ങനെ അലഞ്ഞുതിരിഞ്ഞു നടന്ന ഏഴോ പത്തോ കൊല്ലം അവൻ വീട്ടിലേക്ക് കത്ത് പോലും അയച്ചില്ല, അവർ അവനെ അന്വേഷിച്ചു ചെന്നാലോ എന്നുകരുതി. ലോകത്തെ കാണുക, അറിയുക എന്നതായിരുന്നു അവന്റെ അപ്പോഴത്തെ ഉദ്ദേശം. തിരിച്ചു വീട്ടിലെത്തിയ മജീദിനെ കാത്തിരുന്നത് ദുഃഖവും പ്രതീക്ഷയും ആയിരുന്നു. മജീദിന്റെ കുടുംബം കച്ചവട നഷ്ടം കാരണം പട്ടിണിയായി, അവൻറെ പ്രിയതമ സുഹ്റയുടെ വിവാഹം കഴിഞ്ഞു. എന്നീ രണ്ട് ദുഃഖവാർത്തകളാണ് അവനെ കാത്തിരുന്നത്. അവൻ അവിടെ എത്തിയതറിഞ്ഞ് സുഹ്റ ചെന്നു. എന്നാൽ അന്ന് അവൻ കണ്ട സുഹ്റ ശാരീരികമായും മാനസികമായും തളർന്നിരിക്കുന്നവളായിരുന്നു. അവളുടെ ഭർത്താവ് ക്രൂരമായി മർദ്ദിച്ചതിനാലും ഭർതൃവീട്ടിൽ മനസമാധാനം കിട്ടാത്തതിനാലാണ് അവൾ തളർന്നിരുന്നത്. മജീദ് തൻറെ സഹോദരികളുടെ വിവാഹശേഷം സുഹ്റയെ വിവാഹം കഴിക്കാൻ തീരുമാനിച്ചു. സഹോദരികളുടെ വിവാഹത്തിന് ആവശ്യമായ പണം സമ്പാദിക്കാനായി മജീദ് വീണ്ടും യാത്ര പുറപ്പെട്ടു. യാത്ര പോകുന്നതിനുമുൻപ് സുഹ്റ അവനോട് എന്തോ പറയാൻ ഭാവിച്ചു. പക്ഷേ ബസ്സ് വിട്ടതിനാൽ അവൾക്ക് പറയാനായില്ല. നഗരത്തില് നാടകത്തിനു ശേഷം ഒരു കമ്പനിയിൽ സെയിൽസ്മാനായി മജീദിന് ജോലികിട്ടി. ജോലിക്കിടെ ഉണ്ടായ സൈക്കിൾ അപകടത്തിൽ മജീദിന് തൻറെ വലതു കാൽ നഷ്ടപ്പെട്ടു. അതോടെ ജോലി പോയി. കുറെ നാളുകൾക്കു ശേഷം ഹോട്ടലിൽ എച്ചിൽ പാത്രം കഴുകാൻ അവന് ജോലികിട്ടി. ആയിടെ മജീദിന് വീട്ടിൽ നിന്നും ഒരു കത്ത് വന്നു, ആ കത്തിൽ ഉൾക്കൊണ്ടിരുന്നത് സുഹ്റയുടെ മരണവാർത്തയും തൻറെ വീട് ജപ്തി ആയി എന്ന ദുഃഖ വാർത്തയുമാണ്. ആ കത്ത് വായിച്ചതിനുശേഷം മജീദ്, സുഹ്റ അന്ന് അവസാനമായി തന്നോട് പറയാൻ ശ്രമിച്ചത് എന്താണെന്ന് ആലോചിക്കുകയാണ്, അതോടെ നോവൽ സമാഹരിക്കുന്നു.

നോവലിലുടനീളം മുസ്ലിം സമുദായത്തിനിടയിൽ പ്രചാരമുള്ള ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. വിവാഹത്തിന് ബന്ധുക്കളുടെ അല്ല വധൂവരന്മാരുടെ സമ്മതം ആണ്ആവശ്യം അല്ലെങ്കിൽ ജീവിതത്തിൽ സമാധാനം ഇല്ലാതാകും സുഹ്റയെ പോലെ എന്ന സന്ദേശവും നമ്മൾ ആവ ആശ്യമോ അനാവശ്യമോ എന്ന് ചിന്തിക്കാതെ ചെയ്യുന്ന ആചാരങ്ങളെയും ,സ്ത്രീധനത്തിനെതിരെയും നോവൽ വിരൽചൂണ്ടുന്നു.

*********************

## അഭിമുഖം



### ലിറ്റിൽ കൈറ്റ്സ്ന്റെ ആഭിമുഖ്യത്തിൽ പ്രളയവുമായി ബന്ധപ്പെട്ട്എസ്.ഡി.പി.വൈ സ്ക്രൂളിലെ മലയാളം അധ്യാപികയും ചാലക്കുടി നിവാസിനിയുമായ ഷീബ ടീച്ചറുമായുള്ള അഭിമുഖം.

ചോദ്യം : നമസ്കാരം ടീച്ചർ.

ടീച്ചറും ടീച്ചറിന്റെ കുടുംബവും എങ്ങനെയാണ് പ്രളയത്തെ നേരിട്ടതെന്ന് പറയാമോ ?

ഉത്തരം : വെള്ളം എല്ലാവീട്ടിലും കേറുന്നുണ്ടായിരുന്നുവെങ്കിലും എൻറെ വീട്ടിൽ കേറില്ല എന്ന പൂർണ്ണ വിശ്വാസത്തിലായിരുന്നു ഞാനും എൻറെ കുടുംബവും. എന്നാൽ നിമിഷങ്ങൾ കൊണ്ടാണ് വിശ്വാസം ഇല്ലാതായത്. ഏകദേശം രണ്ടരയോടെ അടുത്തുള്ള വീടുകളൊക്കെ മുങ്ങിയിരുന്നു. വളരെയധികം ഭയമായിരുന്നു ഈ നിമിഷങ്ങളിൽ രണ്ടു മണിക്കൂറിനകം തന്നെ

ഞങ്ങളുടെ തൊട്ടടുത്തുള്ള വീട്ടിൽ വരെ വെള്ളം പൊങ്ങിയ വിവരമറിഞ്ഞപ്പോൾ അത്യാവശ്യ സാധനങ്ങൾ മാത്രം എടുത്തു ഞങ്ങൾ അവിടെ നിന്നും രക്ഷപ്പെടാൻ ഒരുങ്ങി. . രക്ഷപ്പെടുന്നതിന് മുമ്പുള്ള നിമിഷങ്ങൾ ഞാനിപ്പോഴും ഓർക്കുന്നു. വൈദ്യുതിയില്ല, വെള്ളമില്ല. ആവശ്യമുള്ള സാധനങ്ങൾ എടുക്കാനായി വെളിച്ചം ഉണ്ടായിരുന്നില്ല.ജീപ്പിലായിരുന്നു രക്ഷപ്പെട്ടത്. ജീപ്പ് കഴിയുന്നത്ര വേഗത്തിലായിരുന്നു. പോയ വഴികളിലൊക്കെ ഒരാൾ പൊക്കത്തിന്റെയത്ര ആയിരുന്നു വെള്ളം ഉണ്ടായിരുന്നത്. അതിസാഹസിക യാത്രയായിരുന്നു അത്. പോകുന്നതിനിടയിൽ ഞങ്ങളുടെ ജീപ്പ് നിന്നുപോയി. അവിടെയും വെള്ളം കയറിയപ്പോൾ വീണ്ടും തിരിച്ച് എൻറെ വീട്ടിലേക്ക് തന്നെ തിരിച്ചുവന്നു. വെള്ളം പൂർണ്ണമായും അവിടെനിന്ന് പോയിട്ടുണ്ടായിരുന്നില്ല.

ചോദ്യം : ഇതുപോലെ പ്രളയത്തിൽ അകപ്പെട്ട മറ്റാരുടെയെങ്കിലും അനുഭവങ്ങൾ അറിയുമോ. അറിയുമെങ്കിൽ പങ്കുവെയ്ക്കുമോ?

ഉത്തരം : ഞങ്ങളുടെ വീടിനടുത്ത് ഒരു വലിയ ബിസിനസ്സുകാരൻ ഉണ്ടായിരുന്നു. അദ്ദേഹം വളരെ വലിയ ഒരു പുതിയ വീട് നിർമ്മിച്ചു. ആ പുതിയ വീടിൻറെ വെഞ്ചരിപ്പ് കഴിയാഞ്ഞതിനാൽ അവർ തങ്ങളുടെ പഴയ തറവാട്ടിലായിരുന്നു താമസിച്ചിരുന്നത്. വെള്ളം കയറി തുടങ്ങിയപ്പോൾ അയാൾ തൻറെ അമ്മയോട്പുതിയ വീട്ടിലേക്ക് നിർബന്ധിച്ചു. എന്നാൽ ആ അമ്മ വിസമ്മതിച്ചു. ഏതാനും നിമിഷങ്ങൾക്കകം ആ ആ മൂന്നുനില കെട്ടിടം ഇടിഞ്ഞുവീണു. അമ്മയും മകനും മരിച്ചു. ആ വീട്ടിൽ ബാക്കിയുണ്ടായിരുന്നത് പരിക്കുകളോടെ രക്ഷപ്പെട്ടു. പിന്നെ പറയാണെങ്കിൽ ഡിവൈൻ എന്ന് പേരുള്ള ആരാധനാലയം പൂർണ്ണമായും നശിക്കുകയും അവിടെയുള്ള മൃഗങ്ങൾക്കും രോഗികൾക്കും പ്രായമായവർക്കും പരിക്കുകൾ ഏൽക്കുകയും ചെയ്തു.

ചോദ്യം : ഈ ഒരു സന്ദർഭത്തിൽ രക്ഷാപ്രവർത്തനം വേണ്ടതുപോലെ സജ്ജമായിരുന്നു?

ഉത്തരം: രക്ഷിയ്ക്കാനായി ഒരുപാടുപേർ സ്ഥലത്തുണ്ടായിരുന്നു. അവരെയെല്ലാം ഇന്ന് വളരെയധികം നന്ദിയോടെ ഓർക്കുന്നു. വഞ്ചി കളിലും ബോട്ടുകളിലും ആയി ഒട്ടേറെ മത്സ്യതൊഴിലാളികളും നാട്ടുകാരും രക്ഷാപ്രവർത്തനത്തിന് ഉണ്ടായിരുന്നു.

**അഭിമുഖം തയ്യാറാക്കിയത് : റിന്യ റോസ് &**

**എയ്ഞ്ചൽ മേരി ജോസഫ്**



# രസതന്ത്രത്തിന്റെ മറുവശം

നേഹ ഫർഹത്ത് ഇ. എസ്

ഒരു നാണയത്തിലെന്ന പോലെ രസതന്ത്രത്തിത്തിനും രണ്ട് വശങ്ങളുണ്ട്.ലോകത്തിന് രക്ഷകനാക്കാനും ശിക്ഷകനാകാനും ഒരുപ്പോലെ കഴിവുള്ള ഇരുതലവാളാണ് രസതന്ത്രം.രസന്ത്രമില്ലാതിരുന്നെങ്കിൽ വിനാശക്കാരികളായ ഒരു ആയുധവും ഉണ്ടാവുമായിരുന്നില്ല.വെടിയുണ്ടയില്ല ,സ്ഫോടകവസ്തുക്കളില്ല, ന്യൂക്ലിയർ ആയുധങ്ങളും രാസായുധങ്ങളുമില്ല.ഹിരോഷിമ,നാഗസാക്കി സംഭവങ്ങളും ഭോപ്പാൽ വാതകദുരന്തവും, ഒരു നാണയത്തിലെന്ന പോലെ രസതന്ത്രത്തിത്തിനും രണ്ട് വശങ്ങളുണ്ട്.ലോകത്തിന് രക്ഷകനാക്കാനും ശിക്ഷകനാകാനും ഒരുപ്പോലെ കഴിവുള്ള ഇരുതലവാളാണ് രസതന്ത്രം.രസന്ത്രമില്ലാതിരുന്നെങ്കിൽ വിനാശക്കാരികളായ ഒരു ആയുധവും ഉണ്ടാവുമായിരുന്നില്ല.വെടിയുണ്ടയില്ല ,സ്ഫോടകവസ്തുക്കളില്ല, ന്യൂക്ലിയർ ആയുധങ്ങളും രാസായുധങ്ങളുമില്ല.ഹിരോഷിമ,നാഗസാക്കി


സംഭവങ്ങളും ഭോപ്പാൽ വാതകദുരന്തവും, ഒരു നാണയത്തിലെന്ന പോലെ രസതന്ത്രത്തിത്തിനും രണ്ട് വശങ്ങളുണ്ട്.ലോകത്തിന് രക്ഷകനാക്കാനും ശിക്ഷകനാകാനും ഒരുപ്പോലെ കഴിവുള്ള ഇരുതലവാളാണ് രസതന്ത്രം.രസന്ത്രമില്ലാതിരുന്നെങ്കിൽ വിനാശക്കാരികളായ ഒരു ആയുധവും ഉണ്ടാവുമായിരുന്നില്ല.വെടിയുണ്ടയില്ല ,സ്ഫോടകവസ്തുക്കളില്ല,
എൻഡോസൾഫാനുമില്ല,മദ്യവും മയക്കുമരുന്നുമില്ല,
എൻഡോസൾഫാനുമില്ല,മദ്യവും മയക്കുമരുന്നുമില്ല,രസതന്ത്രത്തിനു കിട്ടിയ മറ്റൊരു ചീത്തപ്പേരാണ് മലിനീകരണം .രസതന്ത്രത്തിന്റെ സൃഷ്ടിയായ പോളിമറുകളാണ് ഈ ചീത്തപ്പേരിന് മുഖ്യ ഇര.മണ്ണിൽ അലിഞ്ഞുപ്പോവില്ല ,തുരുമ്പിക്കില്ല എന്നതാണ് അവയുടെ ശാപം. എല്ലാരംഗത്തും രസതന്ത്രത്തിന്റെ സംഭാവനക്കൾ വിലമതിക്കാനാവാതതാണ്.മനുഷ്യന്റെ ഇടപ്പെടലുകൾ മാത്രമാണ് കുഴപ്പങ്ങളുണ്ടാക്കുന്നത്.പരിസ്ഥിതിയെ ദ്രോഹിക്കാത ഹരിത രസതന്ത്രത്തിന്റെ കാലം അധിക്കം വൈക്കാതെ വരുമെന്ന്നമുക്ക് ആശിക്കാം.



# 'കേസരി ' - മലയാള സാഹിത്യത്തിലെ നവോത്ഥാന നായകൻ

'കേരളത്തിന്റെ സോക്രട്ടീസ് ' എന്നാണ് കേസരി എ.ബാലകൃഷ്ണപിള്ളയെ വി.ടി.ഭട്ടതിരിപ്പാട് വിശേഷിപ്പിച്ചത്.നവസാഹിത്യപ്രസ്ഥാനങ്ങളെ മലയാളത്തിന് പരിചയപ്പെടുത്തിയ കേസരിയെ പക്ഷെ വിദ്യാർഥികൾ വേണ്ടത്ര പരിചയപ്പെട്ടിട്ടില്ല. സ്ക്കൂൾ തല മലയാള പാഠപുസ്തകങ്ങളിൽ കേസരിയുടെ സാഹിത്യ സംഭാവനകൾ കാര്യമായെടുത്തിട്ടില്ല. ഡിസംബർ 18 അദ്ദേഹത്തിന്റെ ചരമദിനമായിരുന്നു. സാഹിത്യ തൽപ്പരരായ വിദ്യാർത്ഥികൾ കേസരി എ ബാലകൃഷ്ണപിള്ളയുടെ ജീവിതവും അദ്ദേഹം കേരളീയ കലാ സാഹിത്യ ലോകത്തിന് നൽകിയ സംഭാവനകളും തീർച്ചയായും അറിഞ്ഞിരിക്കേണ്ടതാണ്.

കേസരി എ . ബാലകൃഷ്ണപിള്ളയെപ്പറ്റിയുള്ള ലേഖനം വായിക്കുന്നതിന് ഇവിടെ CLICK ചെയ്യുക.



# പ്രളയം മുക്കിയ കേരളം



റിന്യ റോസ്



2018 ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷം, ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായാണ് 2018 കേരളത്തിൽ വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലും ഉണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നു വിട്ടത് വെള്ളപ്പൊക്കത്തിന് ആഘാതം വർധിപ്പിച്ചു. ചരിത്രത്തിലാദ്യമായി കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നു വിടേണ്ടി വന്നു. 26 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ചെറുതോണി അണക്കെട്ടിനെ 5 ഷട്ടറുകൾ ഒരുമിച്ച് തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടു എന്ന് പറയാം. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. 99 ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924 ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയം എന്നാണ് 2018 ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്തമഴയിലും, പ്രളയത്തിലും, ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ

ആശുപത്രിയിൽ ആയതായും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രത മുന്നറിയിപ്പ് പ്രഖ്യാപിച്ചു.

പ്രളയത്തെയും തൽഫലം ഉണ്ടായ കെടുതികളെയും തുടർന്ന് കേരളത്തിന് ഏകദേശം നാൽപ്പതിനായിരം കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നാണ് സംസ്ഥാന സർക്കാരിൻറെ പ്രാഥമിക വിലയിരുത്തൽ. വെള്ളപ്പൊക്കത്തെ തുടർന്ന് ലോകമെമ്പാടുമായി വിവിധ രാജ്യങ്ങളിൽനിന്നും സംഘടനകളിൽനിന്നും വ്യക്തികളിൽനിന്നും ആയി നിരവധി സഹായവാഗ്ദാനങ്ങൾ ആണ് കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെൻറ് വിദേശ സഹായങ്ങൾ സ്വീകരിക്കുന്നതിൽ വിമുഖത കാണിച്ചു. ഇത് രാജ്യമെമ്പാടും ആയി കേന്ദ്ര ഗവൺമെൻറ് നെതിരെ വലിയ വിമർശനങ്ങൾക്ക് വഴിയൊരുക്കി.

# ഞാൻ കണ്ട തേക്കടി





അശ്വിനി കെ .ജെ

ഈ വർഷത്തെ ഞങ്ങളുടെ വിനോദയാത്ര തേക്കടിയിലേ ക്കായിരിന്നു. മെയ് മാസം എട്ടാം തീയതിയാണ് യാത്ര തിരിച്ചത്. വൈകിട്ട് ആറുമണിക്കാണ് ഞങ്ങൾ ചെറായി നിന്നും പുറപ്പെട്ടത്. ഞങ്ങളുടെ യാത്രാസംഘത്തിൽ 21 പേർ ഉണ്ടായിരുന്നു.ബസിനുള്ളിൽ സുഖകരമായ ഇരിപ്പിടം. വി സി പി ഉള്ളതിനാൽ സിനിമയും കാണാം. സന്ധ്യ ആയതിനാൽ എല്ലാവരും സിനിമയിൽ ശ്രദ്ധിച്ചാണ് നിന്നത്. 8 30 ആയപ്പോൾ മൂവാറ്റുപുഴ എത്തി. ഹോട്ടലിൽനിന്ന ഭക്ഷണം കഴിച്ചു. കോതമംഗലം വഴിയാണ് ഞങ്ങൾ പോയത്. സിനിമ പകുതിയായപ്പോൾ പലരും ഉറക്കം പിടിച്ചു തുടങ്ങി. വണ്ടി കുത്തനെ മല കയറുകയാണ്. ഇടുക്കിയുടെ പ്രത്യേകതയാണ് വന്മലകൾ. പുറത്തേക്ക നോക്കിയാൽ കൂരിരുട്ട്. ഒരുവശത്ത് അഗാധമായ കൊക്കകൾ ആണെന്ന് ബോധം അൽപ്പം പേടി തരാതിരുന്നില്ല. വളവുകളിൽ കൂടി വണ്ടി നിരങ്ങി കയറി. പുലർച്ചെ രണ്ടുമണിയോടെ കൂടി ഞങ്ങൾ കുമളിയിൽ എത്തി. നല്ല തണുപ്പാണ്. എല്ലാവരുംഷാളും തൊപ്പിയും ധരിച്ച് തണുപ്പിനെ തോൽപ്പിക്കാൻ ഇറങ്ങി. കുമളിയിലെ ഒരു ലോഡ്ജിലാണ് ഞങ്ങൾ താമസസൗകര്യം ഏർപ്പാടാക്കിയിരുന്നത്. വിശ്രമത്തിനുശേഷം ഞങ്ങൾ അവിടെനിന്ന് രാവിലെ ഏഴുമണിക്ക് തേക്കടിയിലേക്ക് യാത്രതിരിച്ചു. അന്തരീക്ഷമാകെ മഞ്ഞു മൂടി കിടന്നിരുന്നു. അവിടെ ആളുകൾ കമ്പിളി വസ്ത്രങ്ങൾ ധരിച്ചിരുന്നു. കുമളി വലിയ ഒരു ടൗണാണ്.

കടകളിലെല്ലാം ഏലക്കാ, തേയില എന്നിവ ധാരാളമായി ലഭിക്കും. സുഗന്ധദ്രവ്യങ്ങൾ ആയ ഏലക്കായും മറ്റും സമൃദ്ധമായി വിളയുന്ന ഒരു നാടാണ്. ഞങ്ങളുടെ ബസ് തേക്കടിയിൽ ചെന്നു. പോകുന്ന വഴിക്ക് ഇരുവശവും വലിയ കാടുകൾ. കാടുകളിൽ ധാരാളം ഏലച്ചെടികളും വൻവൃക്ഷങ്ങളും. തന്ന വഴിയിൽ കുരങ്ങന്മാർ വികൃതി കാട്ടു ന്നുണ്ടായിരുന്നു. എട്ടുമണിക്ക് തേക്കടിയിൽ എത്തി വേഗം പോയി ബോട്ട് യാത്രയ്ക്കുള്ള ടിക്കറ്റെടുത്തു. ഞങ്ങൾ ബോട്ടിൽ കയറി. പെരിയാർ തടാകം. അതിൻറെ മനോഹാരിത കാണേണ്ടതുതന്നെ. തടാകത്തിൽ ഇടയ്ക്ക് മരക്കുറ്റികൾ. ഓരോ മരത്തിലും പക്ഷികൾ കൂടുകെട്ടി താമസിക്കുന്നു. ചിറകുവിടർത്തി പറക്കുവാൻ ഒരുങ്ങുന്ന അവയെ കാണാനെന്തുരസം. പലരും ഫോട്ടോയെടുത്തു. തടാകത്തിന്റെ കരയിൽ ധാരാളം നീർനായകൾ. അവ കുത്തി മറിയുകയാണ്. അതാ ഒരു കാട്ടാനക്കൂട്ടം. അവ വെള്ളം കുടിക്കാൻ ഇറങ്ങിയതാണ്. ശബ്ദം കേട്ടാൽ ഓടിപ്പോകും അതിനാൽ ബോട്ടിന്റെ ശബ്ദം കുറച്ചു. ഏതോ ശബ്ദം കേട്ടിട്ടാണ് എന്നു തോന്നുന്നു അവ വേഗം അവിടെനിന്നും നീങ്ങി. പെരിയാർ തടാകം മുഴുവൻ ബോട്ടിൽ കറങ്ങാൻ എന്തു രസം. മുല്ലപ്പെരിയാർ ഡാം കണ്ടു. ഒന്നൊന്നര മണിക്കൂറിന്റെ ബോട്ട് യാത്രയ്ക്ക് ശേഷം, ഞങ്ങൾ തേക്കടി വനം കാണാൻ നീങ്ങി. ധാരാളം മരങ്ങൾ, മലയണ്ണാൻകുരങ്ങന്മാർ ഇവരുടെയൊക്കെ വികൃതി ഞങ്ങളെ ഏറെ ആകർഷിച്ചു. ആന സവാരി നടത്താനും ഇവിടെ സൗകര്യമുണ്ട്. പതിനൊന്നര ആയപ്പോൾ ഞങ്ങൾ വീണ്ടും കുമളിയിൽ എത്തി. എല്ലാവരും തേയിലയും ചോക്കളേറ്റും കമ്പിളി വസ്തുങ്ങളും വാങ്ങിച്ചു കൂട്ടി. രണ്ട് മണിയോടുകൂടി മടക്കയാത്ര തുടങ്ങി. ഇടുക്കി മലനിരകളുടെ മനോഹാരിതയും ഹെയർപിൻ വളവുകളും, അവയുടെ ചാരുതയും മടക്കയാത്രയിലാണ് ഞങ്ങൾ കണ്ടത്.

അനുഭവകുറിപ്പ്

# പ്രളയം എന്ന മഹാദുരന്തം



എയ്ഞ്ചൽ മേരി ജോസഫ്

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന മലയാളികളിൽ ഭൂരിഭാഗം ജനങ്ങൾക്കും മറക്കാൻ കഴിയാത്ത പേടിപ്പെടുത്തുന്ന ദിവസങ്ങളായിരുന്നു ഈ കഴിഞ്ഞ ആഗസ്റ്റ് 17 മുതലുള്ള ഒരാഴ്ചക്കാലം. ആ കൂട്ടത്തിൽ ഉൾപ്പെട്ട ഒരാൾ ഞാനായിരുന്നു. മറ്റുകുട്ടികളോടൊപ്പം ഞാനും സ്വാതന്ത്ര്യദിന ആഘോഷത്തിലായിരുന്നു. പെട്ടെന്നാണ് ടിവിയിൽ ഫ്ലാഷ് ന്യൂസ് കണ്ടത്. ഉരുൾപൊട്ടൽ, മഴയുടെ ലഭ്യത കൂടിയിരിക്കുന്നു, ഇടുക്കി ഡാം ഉൾപ്പെടെ മറ്റെല്ലാ ഡാമും തുറക്കുവാൻ പോകുന്നു, എന്നൊക്കെ. പക്ഷേ, പ്രശ്നത്തിന് ഗുരുതരാവസ്ഥ പ്രളയത്തിൻറെ പിടിയിൽ അകപ്പെടുന്നത് വരെ ഞാനും മനസിലാക്കിയിരുന്നില്ല. കണ്ണടച്ചുതുറക്കും മുമ്പേ മലവെള്ളം ആർത്തിരമ്പി വരുന്നതുപോലെ ഞാൻ താമസിച്ചിരുന്ന വീട്ടിലേക്ക് ഇരച്ചുകയറി. പ്രാണരക്ഷാർത്ഥം ഞങ്ങളെല്ലാവരും ഏറ്റവും മുകളിലത്തെ നിലയിലേക്ക് ഓടിക്കയറി. ഞങ്ങൾ ഒന്നടങ്കം മരണത്തിനെ തൊട്ടടുത്ത് കണ്ട നിമിഷങ്ങൾ. വൈദ്യുതിയോ, ഭക്ഷണമോ ഇല്ലാതെ കഴിഞ്ഞ ദിവസങ്ങൾ. ഫോണിലെ ചാർജ് തീരുവോളം രക്ഷയുടെ കൈത്താങ്ങിനായി അപേക്ഷിച്ച ദിനരാത്രങ്ങൾ. ഉറ്റവരെയും ഉടയവരെയും മരണത്തിനുമുമ്പ് ഒന്നുകാണാൻ കഴിഞ്ഞുവെങ്കിൽ എന്നാശിച്ച നിമിഷം. രക്ഷകർത്താക്കളും ബന്ധുക്കളും സന്നദ്ധ സംഘടനകളും സുഹൃത്തുക്കളും രക്ഷാപ്രവർത്തനങ്ങൾ വാഗ്ദാനം ചെയ്തുവെങ്കിലും പ്രകൃതി അതിനു പ്രതിബന്ധമായി നിലകൊണ്ടു എന്നിരുന്നാലും ഒത്തൊരുമയുടേയും ഐക്യത്തെയും ബലം സ്വയം തിരിച്ചറിയുന്നതിന് പ്രളയം ഒരു വഴിത്തിരിവായി.



യാത്രാ വിവരണം

## സൂര്യന്റെസ്വന്തം **കന്യാകുമാരിയിലേക്ക്** ഒരു ട്രെയിൻ യാത്ര .



റിന്യ റോസ് റ്റി വി

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേ മുനമ്പ്. സൂര്യന്റെ ഉദയവും അസ്തമയവും ഒരിടത്തു കാണാവുന്ന വിസ്മയ തീരം. കന്യാകുമാരിയിലേക്ക് ആയിരുന്നു യാത്രയെ ഏറെ സ്നേഹിക്കുന്ന എന്റെ യാത്ര. ഡിസംബർ ഇരുപത്തിയഞ്ചാം തീയതി പുലർച്ചെ നാലുമണിക്ക് വീട്ടിൽനിന്നു പുറപ്പെട്ട ഞങ്ങൾ ഏതാണ്ട് നാലര ആയപ്പോൾ റെയിൽവേ സ്റ്റേഷനിലെത്തി. ഇരുപതോ മുപ്പതോ പേർ അടങ്ങുന്ന ഒരുകൂട്ടം ആയിരുന്നില്ല ഞങ്ങളുടേത്. ഞാനും എൻറെ വല്യമ്മച്ചിയും വലിയ പിച്ചിയും മാത്രം. റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോഴാണ് ട്രെയിൻ ഒരുമണിക്കൂർ വൈകിയേ എത്തുകയുള്ളൂ എന്ന വിവരം ഞങ്ങൾ അറിയുന്നത്. ആ ഒരു മണിക്കൂറിൽ എൻറെ മനസ്സിലേക്ക് ഓടിയെത്തിയത് പുസ്തകങ്ങളിലും മറ്റും ഞാൻ വായിച്ചിട്ടുള്ള കന്യാകുമാരിയുടെ മനോഹരങ്ങളായ ചിത്രങ്ങൾ ആയിരുന്നു. കടലുകൾ പുണരുന്ന കന്യാകുമാരി. വൈവിധ്യത്തിന്റെ സാഗരസംഗമം. കടലും മലയും കൈകോർക്കുന്ന മണ്ണിൽ ഇറങ്ങിവരുന്ന വെള്ളച്ചാട്ടങ്ങൾ. പ്രസിദ്ധങ്ങളായ ആരാധനാലയങ്ങൾ. അറബിക്കടലും ഇന്ത്യൻ

മഹാസമുദ്രവും ബംഗാൾ ഉൾക്കടലും ഒന്നിക്കുന്ന പുണ്യഭൂമി. കടലിൽ രണ്ടു കൂറ്റൻ പാറകളിൽ ആയി പണിതുയർത്തിയിട്ടുള്ള വിവേകാനന്ദ സ്മാരകം. കന്യകയായി കടലു കാക്കുന്ന പെണ്ണിൻറെ നാട് അങ്ങനെ ഒട്ടേറെ സ്വപ്നങ്ങൾ. പെട്ടെന്നാണ് ട്രെയിനിന്റെ ശബ്ദം ഞാൻ കേൾക്കുന്നത്. അപ്പോൾ സമയം 5. 35. കന്യാകുമാരിയുടെ മനോഹര സ്വപ്നങ്ങൾക്കിടയിൽ ഒരുമണിക്കൂർ പിന്നിട്ടത് ഞാൻ അറിഞ്ഞതേയില്ല. ആ തിക്കിന്റെയും തിരക്കിന്റെയും ഇടയിലൂടെ പാഞ്ഞ് എങ്ങനെയൊക്കെയോ ഞങ്ങൾ സീറ്റ് കണ്ടെത്തി.


അപ്പോഴും കന്യാകുമാരിയെക്കുറിച്ചുള്ള പ്രതീക്ഷകളായിരുന്നു എൻറെ മനസിൽ. അല്പസമയത്തിനകം ട്രെയിൻ പുറപ്പെട്ടു. എങ്ങനെയെന്നറിയില്ല ഞാനറിയാതെ മയങ്ങിപ്പോയി. എന്നെ ഉണർത്തിയത് സൂര്യൻറെ വെളിച്ചമായിരുന്നു. സമയം ഏഴര ആയപ്പോഴേക്കും ട്രെയിനിൽവച്ച് ഒരു തമിഴനെ കണ്ടുമുട്ടി. പിറന്നത് തമിഴ്നാട്ടിലാണെങ്കിലും മലയാളം ഏറെ നന്നായി സംസാരിക്കുന്ന ഒരു വ്യക്തി. മറ്റുള്ളവരുടെ കഥ കേൾക്കുന്നതിനേക്കാൾ അയാൾക്കിഷ്ടം അയാളുടെ കഥ മറ്റുള്ളവരോട് പങ്കുവെയ്ക്കുന്ന തായിരുന്നു. വാതോരാതെ അയാൾ സംസാരിച്ചുകൊണ്ടേയിരുന്നു. ആദ്യമൊക്കെ ശ്രദ്ധിച്ചിരുന്നെങ്കിലും പിന്നീട് എനിക്കു മടുത്തു. എന്റെ ശ്രദ്ധ പ്രകൃതിയിലായിരുന്നു. പ്രകൃതിയിലേക്കുള്ള എന്റെ ആ നോട്ടം എനിക്ക് മടുത്തില്ല. ഒരുപാടുനേരം ഞാനിങ്ങനെ പ്രകൃതിയെ ആസ്വദിച്ചിരുന്നു. മല, പുഴ, വയൽ അങ്ങനെയെന്തെല്ലാം കാഴ്ചകൾ. പോരാത്തതിന് ക്രിസ്മസ് ട്രീയും നക്ഷത്രങ്ങളും. അങ്ങനെ ഒരുപാട് നേരം കടന്നുപോയി. പതുക്കെപ്പതുക്കെ വിശക്കാനും തുടങ്ങി. പക്ഷേ പ്രകൃതിയുടെ

മനോഹാരിതയിൽ ഞാൻ വിശപ്പും മറന്നു. അപ്പോൾ സമയം പത്തര. തമിഴ് മണ്ണിൻറെ ചൂട് അറിഞ്ഞുതുടങ്ങിയിരിക്കുന്നു. " സ്ഥലം മീനാക്ഷിപുരം". ട്രെയിനിൽ വെച്ച് ആരോ പറഞ്ഞു. മീനാക്ഷി പുരത്തുനിന്ന് ഇനി യാത്ര കന്യാകുമാരി പുരത്തേക്കാണ്. എൻറെ മനസ്സിൽ വീണ്ടും കന്യാകുമാരിയുടെ ദൃശ്യങ്ങൾ തെളിയാൻ തുടങ്ങി. ഏതാണ്ട് 12 മണിയോടെ ഞങ്ങൾ കന്യാകുമാരിയിൽ എത്തി. ഒരു റസ്റ്റോറന്റിൽ കയറി ഞങ്ങൾ ഭക്ഷണം കഴിച്ചു. പിന്നീട് ഒരു ഹോട്ടലിൽ റൂമും എടുത്തു. അപ്പോൾ സമയം 2. ക്ഷീണം മാറ്റാൻ ഞങ്ങൾ മൂന്നുപേരും ഒന്നു മയങ്ങി. അസ്തമയം കന്യാകുമാരി മുനമ്പിൽ കാണണം എന്ന ലക്ഷ്യത്തോടെ ഞങ്ങൾ റൂമിൽനിന്നും ഏതാണ്ട് അഞ്ചു മണിയായപ്പോഴേക്കും പുറത്തുവന്നു. എവിടെ എന്നില്ലാതെ നടന്നു. ഭയങ്കര ബഹളം. തമിഴ് ആയതുകൊണ്ട് ഒന്നും മനസിലായില്ല. അങ്ങനെ കുറെ നാളുകൾക്കു ശേഷം അസ്തമയം കണ്ടു. പിന്നീട് ഞങ്ങളുടെ യാത്ര വിവേകാനന്ദപ്പാറയിലേക്കായിരുന്നു.

ഭൂമിയിലെ ഏറ്റവും മനോഹരമായ ഇടം ഇവിടെയാണെന്ന് കന്യാകുമാരിയിൽ വിവേകാനന്ദപ്പാറ മുകളിൽ നിൽക്കവേ ആർക്കും തോന്നും. മോക്ഷത്തിന്റെ ദേവത കുടിയിരിക്കുന്ന സ്ഥാനമാണ് കന്യകുമാരി. ലോകത്തിലെ ഏറ്റവും ശാന്തമായ, ഏറ്റവും ഏകാന്തത അനുഭവിപ്പിക്കുന്ന, മൂന്നു സാഗരങ്ങളുടെ സംഗമസ്ഥാനം. എല്ലാംകൊണ്ടും മനസിനെ കുളിരണിയിപ്പിച്ച കാഴ്ച്ച. വർഷങ്ങൾ കടന്നു പോയാലും മറക്കാത്ത കാഴ്ച. പിന്നീട് ഞങ്ങൾ സാധനങ്ങൾ മേടിക്കാൻ തെരുവിലേക്കിറങ്ങി. പണം ഒരുപാട് ചിലവാക്കി. ആവശ്യമുള്ളത് ആവശ്യമില്ലാത്തതുമായ ഒരുപാട് സാധനങ്ങൾ. എല്ലാം കഴിഞ്ഞ് അന്ന് ഉറങ്ങിയത് ഒരുപാട് വൈകിയാണ്. പിറ്റേന്ന് പുലർച്ചെ എഴുന്നേറ്റു. സൂര്യോദയം കണ്ടു. എന്തെന്നില്ലാത്ത ആനന്ദം. വൈകാതെതന്നെ ഞങ്ങൾ ടാക്സി പിടിച്ചു റെയിൽവേ സ്റ്റേഷനിലേക്ക് പുറപ്പെട്ടു. എന്തുകൊണ്ടോ എനിക്ക് അവിടെനിന്നും പോരാൻ തോന്നുന്നേ

ഉണ്ടായില്ല. ട്രയിൻ ടിക്കറ്റെടുത്തു. ഭക്ഷണം ട്രെയിനിൽ നിന്നായിരുന്നു. ഏതാണ്ട് ഒമ്പതുമണിയോടെ ട്രെയിൻ പുറപ്പെട്ടു. വന്നപ്പോഴുണ്ടായ സന്തോഷം ആരുടേയും മുഖത്ത് കാണാനില്ല. ട്രെയിനിലെ 7 മണിക്കൂറിൽ ഞാൻ കന്യകുമാരി എനിക്കു നൽകിയ മനോഹരമായ ഓർമ്മകളിൽ ആയിരുന്നു. ഏതാണ്ട് ആറ് മണിയോടെ ഞാൻ വീട്ടിൽ തിരികെയെത്തി. പിന്നീടെല്ലാം പഴയതുപോലെ. യാത്ര എങ്ങനെയുണ്ടായി എന്ന എന്റെ വീട്ടുകാരുടെ ചോദ്യത്തിന് എനിക്ക് മറുപടി നൽകാനായില്ല. കാരണം യാത്ര നമുക്ക് നൽകുന്ന ആനന്ദം പറഞ്ഞറിയിക്കാനാവില്ല. അത് അനുഭവിച്ചുതന്നെ അറിയണം

# NMMS ജേതാക്കൾ



ഫാത്തിമ നൗറിൻ



ജിസ്ന പി.എം



റിന്യ റോസ് ടി.വി



നേഹ ഫർഹത്ത് ഇ.എസ്



എയ്ഞ്ചൽ മേരി ജോസഫ്

യുനസ്കോ പൈത്രിക കേന്ദ്രം



റിന്യ റോസ്

## എലോറ

ഇന്ത്യൻ ഗുഹ ശില്പകലയുടെ ഉത്തമ ഉദാഹരണമാണ് എല്ലോറ. മഹാരാഷ്ട്രയിലെ ഔറംഗബാദ് ജില്ലയിൽ വേരുൾ എന്ന ഗ്രാമത്തിലാണ് മനോഹരമായ ഗുഹാ സമുച്ചയം സ്ഥിതിചെയ്യുന്നത്. അനേക വർഷത്തെ കലാപൂർണ്ണമായ കഠിനാധ്വാനത്തിലൂടെയാണ് ഈ ശിൽപവിസ്മയം പൂർത്തിയാക്കിയിട്ടുള്ളത്. എഡി അഞ്ചുമുതൽ പത്താം നൂറ്റാണ്ട് വരെയാണ് ഇവയുടെ നിർമ്മാണ കാലഘട്ടം. ബുദ്ധ, ഹിന്ദു, ജൈന സംസ്കാരങ്ങളുടെ സമന്വയമാണ് എല്ലോറ. രാഷ്ട്ര



കൂടരാജാക്കന്മാരുടെ കാലത്താണ് എല്ലോറയിലെ ആദ്യകാല ജൈന-ഹിന്ദു ഗുഹാക്ഷേത്രങ്ങളും ബുദ്ധ വിഹാരങ്ങളും നിർമ്മിച്ചത്. പിൽക്കാല ജൈന ക്ഷേത്രങ്ങളുടെ നിർമ്മാണം യാദവ വംശ കാലത്തുമാണെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. 1983 ൽ അജന്തയ്യോപ്പം എല്ലോറയും യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടംനേടി. രണ്ട് കിലോമീറ്ററോളം വിസ്തൃതിയിൽ ചരണാദ്റി കുന്നുകളുടെ ചെങ്കുത്തായ ഭാഗം തുരന്ന് ഉണ്ടാക്കിയ 34 ഗുഹകളാണ് ഇവിടെയുള്ളത്. ഇതിൽ ഒന്നുമുതൽ 12 വരെയുള്ളവ ബുദ്ധ വികാരങ്ങളാണ്. 13 മുതൽ 29 വരെ ഹിന്ദു ക്ഷേത്രങ്ങളും, ബാക്കിയുള്ള 5 എണ്ണം ജൈനക്ഷേത്രങ്ങളും ആണ്.എല്ലോറയിലെ ഏറ്റവും വലിയ ശിൽപ വിസ്മയമാണ് പതിനാറാമത് ഗുഹയിലുള്ള കൈലാസനാഥക്ഷേത്രം. ഒരു വലിയ കരിങ്കൽ മല അപ്പാടെ ക്ഷേത്രമാക്കി മാറ്റിയതാണിത്. എട്ടാം നൂറ്റാണ്ടിൽ രാഷ്ട്രകൂട രാജാവായ കൃഷ്ണ ഒന്നാമനാണ് രഥത്തിന് മാതൃകയിൽ ഈ ശിവക്ഷേത്രം പൂർത്തിയാക്കിയത്. ഏകശിലയിൽ പണിതീർത്ത ലോകത്തിലെ തന്നെ ഏറ്റവും വലിയ നിർമ്മിതികളിൽ ഒന്നാണിത്.

## കൊണാർക്ക് സൂര്യ ക്ഷേത്രം



ഇന്ത്യൻ ശിൽപകലയുടെ ഉദാഹരണമാണ് മഹാക്ഷേത്രങ്ങളിൽ ഒന്നായ കോണാർക്ക് സൂര്യ ക്ഷേത്രം. ബ്ലാക്ക് പഗോഡ എന്നും അറിയപ്പെടുന്ന ഈ നക്ഷത്രം ഒഡീഷയിലെ പുലി ജില്ലയിൽ ബംഗാൾ ഉൾക്കടലിന് സമീപത്താണ് സ്ഥിതിചെയ്യുന്നത്. പതിമൂന്നാം നൂറ്റാണ്ടിൽ പൂർവ്വ ഗംഗാ രാജവംശത്തിലെ നരസിംഹ ദേവൻ ഒന്നാമനാണ് ക്ഷേത്രം നിർമ്മിച്ചത്. 1984 ൽ യുനെസ്കോയുടെ ലോകപൈതൃകപ്പട്ടികയിൽ ഈ ക്ഷേത്രം സ്ഥാനം പിടിച്ചു.ഏഴു കുതിരകളെ പൂട്ടിയ രഥത്തിൽ മാതൃകയിലാണ് ക്ഷേത്രത്തിൻറെ രൂപകല്പന. സൂര്യദേവരഥമാണിതെന്നാണ് സങ്കല്പം. രഥത്തിന് ഇരുവശങ്ങളിലും പന്ത്രണ്ടു ചക്രങ്ങൾ വീതമുണ്ട്. സൂര്യ ഘടികാരത്തിലെ സമാനമായ പ്രവർത്തനമാണ് ഈ ചക്രങ്ങൾ നിർവഹിക്കുന്നത്. ചക്രങ്ങളുടെ നിലത്തു വീഴുന്ന നിഴൽ നോക്കി സമയം കൃത്യമായി തിട്ടപ്പെടുത്താൻ സാധിച്ചിരുന്നു. ക്ഷേത്രത്തിൻറെ ദ്വാരപാലകരായി രണ്ട് സിംഹങ്ങൾ. സൂര്യൻറെ ഉദയകിരണങ്ങൾ ശ്രീകോവിലിൽ പതിക്കുന്ന വിധത്തിൽ



കിഴക്കു ദർശനമായാണ് ക്ഷേത്ര നിർമ്മിതി. ക്ഷേത്രത്തിനു മുന്നിൽ ഒരു നടന മന്ദിരം ഉണ്ട്. 1200 പേർ 12 വർഷമെടുത്താണ് കൊണാർക്ക് ക്ഷേത്രം പൂർത്തിയാക്കിയത്. വിദ്വാൻ ബിസു മഹാറാണ ആയിരുന്നു പ്രധാന ശില്പി. ഓരോ കല്ലും പ്രത്യേകരീതിയിൽ കൂട്ടിയിണക്കിയാണ് നിർമ്മിതി. ക്ഷേത്രച്ചുമരുകളിൽ ദേവീദേവന്മാരുടെ രൂപങ്ങൾ, പുരാണകഥാപാത്രങ്ങൾ, ഗന്ധർവ്വന്മാർ, അപ്സരസുകൾ, പക്ഷിമൃഗാദികൾ തുടങ്ങിയവയുടെ ശില്പങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. വാൽസ്യായന മഹർഷിയുടെ കാമശാസ്ത്ര കലകളും ഇവിടെ ശില്പങ്ങളായി കൊത്തിവച്ചിരിക്കുന്നു."ഇവിടെ കല്ലുകളുടെ ഭാഷ മനുഷ്യഭാഷയിൽ അതിലംഘിക്കുന്നു" എന്നാണ് കോണാർക്ക് ക്ഷേത്രത്തെക്കുറിച്ച് മഹാകവി രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടത്. കാലപ്പഴക്കം കൊണ്ടും ബംഗാൾ ഉൾക്കടലിൽ നിന്നുള്ള ഉപ്പുരസം നിറഞ്ഞ കാറ്റു മൂലവും നാശോന്മുഖമായി കൊണ്ടിരിക്കുകയാണ് ഈ മഹാക്ഷേത്രം

## താജ്മഹൽ

കാലത്തിൻറെ കവിൾത്തടത്തിലെ കണ്ണുനീർതുള്ളി എന്നാണ് രവീന്ദ്രനാഥടാഗോർ താജ്മഹലിനെ വിശേഷിപ്പിച്ചത്. ലോകമഹാത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ ഉത്തർപ്രദേശിലെ

ആഗ്രയിൽ, യമുനാ നദി തീരത്ത് സ്ഥിതിചെയ്യുന്നു. ന്യൂഡൽഹിയിൽ നിന്ന് ഏകദേശം 200 കിലോമീറ്റർ അകലെയാണിത്. ഭാര്യ മുംതാസ് മഹൽ സ്മരണയ്ക്ക് ഷാജഹാൻ ചക്രവർത്തിയാണ് ഇത് പണികഴിപ്പിച്ചത്. വെണ്ണക്കല്ലിൽ കൊത്തിയെടുത്ത ഈ മഹാൽഭുതം മുഗൾ വാസ്തുവിദ്യയുടെ ശ്രേഷ്ഠ മാതൃകയായി കരുതപ്പെടുന്നു. 1983 ൽ താജ്മഹൽ യുനെസ്കോ പൈതൃകസ്മാരകങ്ങളുടെ പട്ടികയിൽ ഇടംനേടി. 1631 ലാണ് താജ്മഹൽ സമീപത്തുള്ള സ്മാരകങ്ങളുടെയും നിർമ്മാണം തുടങ്ങിയത്. ആയിരക്കണക്കിന് കലാകാരന്മാരും ശില്പികളും ചേർന്ന് 22 വർഷമെടുത്തു പണിപൂർത്തിയാക്കാൻ. ലോകപ്രശസ്തരായ വാസ്തുശില്പികൾ താജ്മഹലിനെ രൂപകല്പനയിൽ പങ്കാളികളായിട്ടുണ്ട്. ഉസ്താദ് അഹമ്മദ് ലാഹോറി, ഉസ്താദ് ഈസാ എന്നിവരാണ് താജ്മഹലിനെ മുഖ്യശില്പികളായി വിലയിരുത്തപ്പെടുന്നത്. രാജസ്ഥാനിലെ മക്കയിൽ നിന്നാണ് നിർമിതിക്കാവശ്യമായ വെള്ള മാർബിൾ ഖനനം ചെയ്തത്. സമചതുരാകൃതിയിലുള്ള പ്ലാറ്റ്ഫോമിലാണ് താജ്മഹൽ സ്ഥിതി ചെയ്യുന്നത്. മധ്യഭാഗത്ത് മുകളിൽ കുംഭഗോപുരം. പ്ലാറ്റ്ഫോമിന് ഓരോ മൂലയിലും മിനാരങ്ങൾ ഉണ്ട്. 73 മീറ്ററാണ് താജ്മഹലിനെ ആകെ ഉയരം.കുമ്പ ഗോപുരത്തിന് താഴെയാണ് മുംതാസ് മഹൽ ഭൗതികാവശിഷ്ടം സൂക്ഷിച്ചിട്ടുള്ളത്. തൊട്ടടുത്തുതന്നെ

ഷാജഹാൻറെ ഭൗതികാവശിഷ്ടം വുമുണ്ട്. നിർമാണ വൈദഗ്ധ്യം കൊണ്ടും മനോഹാരിത കൊണ്ടും ഈ സ്മാരക മന്ദിരം ലോകാത്ഭുതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടുന്നു. തലമുറകളെ വിസ്മയിപ്പിച്ച നിലകൊള്ളുന്ന താജ്മഹൽ ഇപ്പോൾ ആർക്കിയോളജിക്കൽ വകുപ്പിന് കീഴിലാണ്.

## മഹാബലിപുരം



കരിങ്കല്ലിൽ കൊത്തിവെച്ച കവിത എന്ന് മഹാബലിപുരത്തെ വിശേഷിപ്പിക്കാം. മനംമയക്കുന്ന ശില്പങ്ങളും ഒറ്റക്കൽ മണ്ഡപങ്ങളും ക്ഷേത്രങ്ങളും അടങ്ങിയതാണ് ഇവിടത്തെ സ്മാരകങ്ങൾ. തമിഴ്നാട്ടിലെ കാഞ്ചീപുരം ജില്ലയിലാണ് അതിപുരാതനമായ ഈ തുറമുഖ നഗരം സ്ഥിതിചെയ്യുന്നത്. ചെന്നൈ നഗരത്തിന് 60 കിലോമീറ്റർ തെക്ക് ബംഗാൾ ഉൾക്കടലിലെ തീരത്താണിത്. എഡി 7 - 8 നൂറ്റാണ്ടുകളിലാണ് മഹാബലിപുരത്തെ ശില്പങ്ങളും ക്ഷേത്രങ്ങളും എല്ലാം നിർമ്മിച്ചതെന്ന്

**കരുതപ്പെടുന്നു. പല്ലവ ശില്പകലയുടെ ജീവൻതുടിക്കുന്ന ഉദാഹരണമാണ് മഹാബലിപുരം. ബൗദ്ധ സംസ്കാരത്തിൻറെ സ്വാധീനവും ഇവിടത്തെ ശില്പങ്ങളിൽ പ്രകടമാണ്. പല്ലവ രാജാവായ മാമല്ലന് പേരുചേർത്ത് മാമല്ലപുരം എന്നും ഇവിടം അറിയപ്പെടുന്നു. 1984 ൽ മഹാബലിപുരത്തെ യുനെസ്കോ പൈതൃക സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി. കൂറ്റൻ ഒറ്റ പാറകൾ തുരന്നാണ് ഭൂരിഭാഗം സ്മാരകങ്ങളും നിർമ്മിച്ചിട്ടുള്ളത്. ദ്രാവിഡ തച്ചുശാസ്ത്രത്തിന് സ്പർശം ഇവിടെ കാണാം. തീരക്ഷേത്രം,വരാഹ ഗുഹാക്ഷേത്രം, മഹിഷമർദിനി മണ്ഡപം, ഗംഗന്മാരുടെ പതനം സൂചിപ്പിക്കുന്ന ശിലാ ശില്പം, പഞ്ചരഥങ്ങൾ തുടങ്ങിയവയാണ് ഇവിടത്തെ പ്രധാന നിർമിതികൾ. ബംഗാൾ ഉൾക്കടലിലെ തീരത്ത് സ്ഥിതിചെയ്യുന്ന വൈഷ്ണവ ക്ഷേത്രമായ തിരുകടൽമല്ലൈ ശില്പങ്ങളെ സംരക്ഷിക്കാനായി പല്ലവ രാജാക്കന്മാർ നിർമ്മിച്ചതാണെന്ന് കരുതുന്നു. നിലവിൽ ഇന്ത്യൻ പുരാവസ്തു വകുപ്പിന് കീഴിൽ സംരക്ഷിത സ്മാരകമാണ് മഹാബലിപുരം. കാസിരംഗ ദേശീയോദ്യാനം**

**സ്മാരകങ്ങൾ ക്കൊപ്പം പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളേയും യുനെസ്കോ ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന ഒറ്റക്കൊമ്പൻ കണ്ടാമൃഗത്തെ**



**സംരക്ഷണ കേന്ദ്രമായ കാസിരംഗ ദേശീയോദ്യാനം അത്തരത്തിലൊന്നാണ്. 1985 ലാണ് കാസിരംഗ യുനെസ്കോ പൈതൃകപട്ടികയിൽ ഇടംനേടിയത്. ലോകത്താകെയുള്ള ഒറ്റ കൊമ്പൻ കണ്ടാ മൃഗങ്ങളിൽ മൂന്നിൽ രണ്ട ഭാഗവും കാണപ്പെടുന്നത് ഇവിടെയാണ്. അസമിൽ ഗോലാഘട്ട്, നഗോൺ ജില്ലകളിലായി കാസിരംഗ ദേശീയോദ്യാനം വ്യാപിച്ച കിടക്കുന്നു. ദേശീയോദ്യാനം 1905 ൽ കഴ്സൺ പ്രഭു വൈസ്രോയ് ആയിരുന്ന കാലത്ത് റിസർവ് വനമായി സംരക്ഷിച്ച തുടങ്ങിയ കാസിരംഗ, 1974-ലാണ് ദേശീയോദ്യാനമായത്. 2006 ൽ ഇവിടം കടുവാസങ്കേതമായി പ്രഖ്യാപിച്ചു. ലോകത്ത് സംരക്ഷിത പ്രദേശത്തെ കടുവകളുടെ സാന്ദ്രത ഏറ്റവുമധികമുള്ള ദേശീയോദ്യാനമാണ് കാസിരംഗ. 430 ചതുരശ്ര കിലോ മീറ്ററാണ് ചതുപ്പനിലങ്ങളും പുൽമേടുകളും നിറഞ്ഞ നിത്യഹരിത വന മേഖലയായ ഇതിന്റെ വിസ്തൃതി.**



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

- 
- റിന്യ റോസ് ടി.വി
- എയ്ഞ്ചൽ മേരി ജോസഫ്
- ജിസ്ന പി.എം
- ശ്രീലക്ഷമി കെ.എസ്
- ലൈല ബീഗം
- ആൽഫിയ കെ.എ
- നേഹ ഫർഹത്ത് ഇ.എസ്
- അശ്വിനി പി.ആർ
- റിസ്വാന സാദിക്ക്
- ഫാത്തിമ നൗറിൻ
- ആദിത്യ മേരി
- അമാന എസ്
- മുഹ്സിന എ.ഐ
- ശ്രദ്ധ വി.എസ്
- ഭാർഗേന്ദു കെ.ബി
- ആൽഫിയ ഫിറോസ്
- റിഹാന എം.എസ്
- നന്ദന കെ.എസ്
- അൻഷിദ കെ.എ
- ജോമിയമറിയ ത്രേസ്യ
- ഫാത്തിമത്തു സഹല


ഡോ: പല്പു സ്മാരക
Palluruthy
എസ് .ഡി.പി.വൈ.ജി.വി.എച്ച്.എസ്